# മഹാത്മാഗാന്ധി സർവ്വകലാശാല

എ സി ബി 5/1/570/2017 29.06.2017

## പരിപത്രം

വിഷയം:- കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം- 2010ലെ ആറാമതു യു.ജി.സി സ്കീം -എ.പി.ഐ മാർഗ്ഗനിർദ്ദേശങ്ങൾ-അപേക്ഷകൾ സമർപ്പിക്കുന്നതു സംബന്ധിച്ച്.

സൂചന:- 23-02-2017ലെ എ.സി.എൽ/1/2017 നമ്പരിലുള്ള സർവകലാശാലാ വിജ്ഞാപനം 2010-ലെ യു.ജി.സി റെഗുലേഷൻ പ്രകാരമുള്ള കരിയർ അഡ്വാൻസ്മെന്റ് സ്കീം അനുസരിച്ചുള്ള സ്ഥാനക്കയറ്റം അനുവദിക്കുന്നതു സംബന്ധിച്ച്

മേൽ സൂചിപ്പിച്ച വിജ്ഞാപനപ്രകാരം 2010-ലെ യു.ജി.സി റെഗുലേഷൻ വ്യവസ്ഥചെയ്യുന്ന കരിയർ അഡ്വാൻസ്മെന്റ് സ്കീം മഹാത്മാഗാന്ധി സർവകലാശാലയുടെ പരിധിയിൽപ്പെടുന്ന എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് നടപ്പാക്കുന്നതിനു വേണ്ട അടിസ്ഥാനയോഗ്യതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 18-09-2010-ലോ അതിനു ശേഷമോ സ്ഥാനക്കയറ്റത്തിന് അർഹത നേടുന്ന അദ്ധ്യാപകരുടെ അപേക്ഷകൾ ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാവും പരിഗണിക്കുന്നത്. 2010-ലെ യു.ജി.സി സ്കീം വ്യവസ്ഥചെയ്യുന്ന രീതിയിലുള്ള എ.പി.ഐ സ്കോർ ഇവാലുവേഷനു വിധേയമായിട്ടാവും ഈ സ്ഥാനക്കയറ്റങ്ങൾ നടപ്പിൽ വരുക. അതിനു വേണ്ടിയുള്ള പെർഫോമൻസ് ബേസ്ഡ് അപ്രൈസൽ സിസ്റ്റം പ്രൊഫോമ സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കരിയർ അഡ്വാൻസ്മെന്റ് സ്കീമിൽ സ്ഥാനക്കയറ്റം അനുവദിച്ചുകിട്ടേണ്ടുന്ന അദ്ധ്യാപകർ സ്ഥാനക്കയറ്റത്തിനർഹത നേടുന്ന തീയതിക്ക് മൂന്നുമാസം മുൻപായി പെർഫോമൻസ് ബേസ്ഡ് അപ്രൈസൽ സിസ്റ്റം പ്രൊഫോമ പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം കോളേജിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ അർത്ഥത്തിലും പൂർണമായ അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം അതാതു കോളേജു പ്രിൻസിപ്പൽമാർ 2017 സെപ്തംബർ ഒന്നാം തീയതിക്കു മുൻപായി സർവകലാശാലയിൽ സമർപ്പിക്കണം. 2017 സെപ്തംബർ ഒന്നാം തീയ്യതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. പിന്നീട് അപേക്ഷകൾ സ്വീകരിക്കുന്നത് 2018 മാർച്ച് ഒന്നാം തീയതിക്കു ശേഷം മാത്രമായിരിക്കും. എല്ലാരീതിയിലും പൂർണ്ണമായ അപേക്ഷകൾ കിട്ടുന്നമുറയ്ക്കായിരിക്കും കരിയർ അഡ്വാൻസ്മെന്റിനുള്ള അപേക്ഷകൾ സർവകലാശാല പരിഗണിക്കുന്നത്.

പെർഫോമൻസ് ബേസ്ഡ് അപ്രൈസൽ സിസ്റ്റം പ്രൊഫോമ വെബ്സൈറ്റിൽ ലഭ്യമാണ്.

**രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന**
**ഡി.സി.ഡി.സി**

പകർപ്പ് :

എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്കും
കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവി
കോളേജ് വിദ്യാഭ്യാസ ഉപമേധാവി കോട്ടയം/ എറണാകുളം